17

# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 241** — **20/12/2012 ൽ മറുപടിക്ക്**

## സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ്:<br>ശ്രീ. ജെയിംസ് മാത്യു:<br>ശ്രീമതി. കെ.എസ്.സലീഖ:<br>ശ്രീ. ആർ.രാജേഷ്: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് പല സ്കൂളുകളിലും ഉച്ച ഭക്ഷണ പദ്ധതി മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുതുതായി ഉത്തരവ് എന്തെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു അദ്ധ്യയന വർഷം കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയതു മുൻകൂറായി പ്രഥമാധ്യാപകർക്ക് അനുവദിച്ചു കൊണ്ടും പാചകതൊഴിലാളികൾക്കു വേതനം നിശ്ചയിച്ചുകൊണ്ടും സ.ഉ (സാധാ) നമ്പർ 3661/2012/പൊ.വി.വ. തീയതി 01.08.2012 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 5 രൂപ നിരക്കിലും, 150 രൂപ പാചകകൂലിയും, 151 മുതൽ 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ നിരക്കിലും (പാചകകൂലി ഉൾപ്പെടെ) 501 നു മുകളിൽ കുട്ടികൾ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6 രൂപയും 500 നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ വീതവും (പാചക കൂലി ഉൾപ്പെടെ) നൽകി വരുന്നു. ബന്ധപ്പെട്ട ഉത്തരവിന്റയും പൊതു വിദ്യാഭ്യാസ ഡയറക്ടർ തദനുസൃതമായി പുറപ്പെടുവിച്ച സർക്കുലറിന്റെയും പകർപ്പുകൾ അനുബന്ധം I,II ആയി ചേർക്കുന്നു. |
| ബി) | ഇതനുസരിച്ച് പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ആർക്കാണ് നൽകിയിട്ടുള്ളത്; | ബി) | വിദ്യാഭ്യാസ വകുപ്പിനാണ് ഉത്തരവാദിത്വം. |

| | | | |
|---|---|---|---|
| സി) | സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്കും അദ്ധ്യാപക-രക്ഷാകർതൃസമിതിക്കും എന്തെല്ലാം ചുമതലകളാണ് പ്രസ്തുത ഉത്തരവു പ്രകാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | സി) | പ്രസ്തുത ഉത്തരവിലും, സർക്കുലറിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്കും രക്ഷാകർതൃ സമിതിക്കും പ്രത്യേക ചുമതലകളൊന്നും നിഷ്കർഷിച്ചിട്ടില്ല. എങ്കിലും, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ ഉച്ച ഭക്ഷണത്തിന്റെ മേൽനോട്ടം കൂടി നിർവഹിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ ജനറൽ ബോഡിയിൽ നിന്നും പി.ടി.എ പ്രസിഡന്റ് ചെയർമാനായും ഹെഡ്മാസ്റ്റർ കൺവീനറുമായുള്ള നൂൺഫീഡിംഗ് കമ്മിറ്റിക്കായിരിക്കും പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല. |
| ഡി) | പദ്ധതി ചെലവിനായുള്ള സാമ്പത്തിക സ്രോതസ്സ് എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; | ഡി) | അരിയുടെ വിലയായ് മെട്രിക് ടണിന് 5650 രൂപയും പാചക ചെലവിനു പ്രൈമറി വിഭാഗത്തിൽ കുട്ടിയൊന്നിന് ദിവസം 2.33 നിരക്കിലും അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടി ഒന്നിന് ദിവസം 3.49 നിരക്കിലും, അരി ലിഫ്റ്റ് ചെയ്യുന്നതിന് ലിഫ്റ്റിംഗ് ചാർജ്ജായി മെട്രിക് ടണിന് 750/- രൂപ നിരക്കിലും സ്കൂൾ പാചകതൊഴിലാളിക്ക് കൂലിയായി മാസം 750/- രൂപയും കൂടാതെ അരിയുടെ വില, പാചകചെലവ്, അരി ലിഫ്റ്റ് ചെയ്യുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവ്, പാചക തൊഴിലാളിക്ക് നൽകുന്ന വേതനം എന്നിവയുടെ ആകെ തുകയുടെ 1.8% തുക ഉച്ച ഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര വിഹിതമായി നൽകുന്നു. പാചകചെലവിനു പ്രൈമറി വിഭാഗത്തിലും അപ്പർപ്രൈമറി വിഭാഗത്തിലും കുട്ടിയൊന്നിന് മിനിമം 2.75 നിരക്കിലും പാചകതൊഴിലാളിക്ക് മാസം മിനിമം 250/- രൂപ സംസ്ഥാന വിഹിതമായിട്ട് ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ